
## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ഫെബ്രുവരി

# 2020



## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

16-03-2020 — ഡയറക്ടർ

## ആമുഖം

പൊതുവെ വിലക്കയറ്റം ഒഴിഞ്ഞു നിന്ന ഒരു മാസമായിരുന്നു കടന്നുപോയത്. അവശ്യ വസ്തുക്കളിൽ ചുരുക്കം ഇനങ്ങൾ ഒഴികെ ബാക്കി എല്ലാ ഇനങ്ങൾക്കും വിലക്കുറവ് ദൃശ്യമായി. പയർ വർഗ്ഗങ്ങളിൽ ചെറുപയർ ഒഴികെയുള്ള ഇനങ്ങളിൽ കാര്യമായ വർദ്ധനവ് ശ്രദ്ധയില്പെട്ടില്ല .പച്ചക്കറി വർഗ്ഗങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെയും വില കുറഞ്ഞു നിന്നു.

അവലോകനമാസത്തിൽ വിലത്തകർച്ച ഉണ്ടായ ഇനങ്ങൾ ഏത്തക്കായയും ഇറച്ചിക്കോഴിയുടെ വിലയുമാണ് മാസാവസാനം ഏത്തക്കായ വില വർദ്ധനവിനുള്ള പ്രവണത കാണിച്ചപ്പോൾ ഇറച്ചിക്കോഴി വില വലിയ വിലത്തകർച്ചയിലേക്കെന്നുള്ള സൂചനയാണ് നൽകുന്നത്

കാർഷിക മേഖലയിൽ നിന്നും പൊതുവെ ശുഭസൂചകങ്ങളായ വാർത്തകളാണ് ശ്രവിക്കാനായത്. തുടർച്ചയായ രണ്ടാം വർഷവും റെക്കോർഡ് നെല്ല് ഉല്പ്പാദനവും സംഭരണവും ഉണ്ടാവുമെന്നുള്ള സൂചനയാണ് നിലവിൽ ലഭിക്കുന്നത്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ 2019-20 സീസണിലെ രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.റിപ്പോർട്ട് പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ ഉല്പ്പാദനത്തിൽ 291.95 മില്യൺ ടൺ എന്ന റെക്കോർഡ് ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 6.74 മില്യൺ ടൺ കൂടുതലാണ്. നെല്ല് , ഗോതമ്പ് എന്നിവയുടെ ഉല്പ്പാദനത്തിൽ യഥാക്രമം 117.47, 106.21 മില്യൻ ടണ്ണിന്റെ റെക്കോർഡ് ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത് നെല്ല് ഉല്പ്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 1.47 മില്യൺ ടണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

മൊത്തം പയർ വർഗ്ഗങ്ങളുടെ ഉല്പ്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് ഒരു മില്യൺ ടണ്ണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു. എന്നാൽ സീസണിൽ ലക്ഷ്യമിട്ടതിനേക്കാൾ 3.28 മില്യൺ ടണിന്റെ കുറവ് സൂചിപ്പിക്കുന്നു പയർ വർഗ്ഗങ്ങളിൽ തുവര ,കടല എന്നിവയുടെ ഉല്പ്പാദനത്തിൽ കഴിഞ്ഞവർഷത്തേക്കാൾ വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ ഉഴുന്ന്, ചെറുപയർ എന്നിവയുടെ ഉല്പ്പാദനത്തിൽ കഴിഞ്ഞവർഷത്തേക്കാൾ കുറവ് സൂചിപ്പിക്കുന്നു.

എഫ് സി ഐ യുടെ കണക്ക് പ്രകാരം അരിയുടെ ഫെബ്രുവരി അവസാനത്തെ നീക്കിയിരുപ്പ് അൺമിൽഡ് പാഡി ഉൾപ്പെടെ കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 38.7 ലക്ഷം ടൺ കൂടുതലാണ്. എഫ് സി ഐയുടെ 2019 -20 സീസണിലെ നെല്ല് സംഭരണം ഫെബ്രുവരി അവസാനത്തെ റിപ്പോർട്ട് പ്രകാരം 567 ലക്ഷം ടൺ കവിഞ്ഞു. പഞ്ചാബ് 162.33 ലക്ഷം ടൺ, ഹരിയാന 64.23 ലക്ഷം ടൺ ,ഛത്തിസ്ഗർ71.64 ലക്ഷം ടൺ, ഉത്തർപ്രദേശ് 55.47 ലക്ഷം ടൺ,ഒഡിഷ 48 .11 ലക്ഷം ടൺ , തെലുങ്കാന 47.12 ലക്ഷം ടൺ, ആന്ധ്രാ പ്രദേശ് 43.25 ലക്ഷം ടൺ, എന്നിവയാണ് നെല്ല് സംഭരണത്തിൽ പ്രധാനപ്പെട്ട സംഭാവന നൽകിയ സംസ്ഥാനങ്ങൾ.കേരളത്തിൽ നിന്നും 2.21 ലക്ഷം ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട്.

പൊതുവെ അന്താരാഷ്ട്ര മാർക്കറ്റിൽ ഫെബ്രുവരിയിൽ അരിയുടെ വില സൂചിക ഉയർന്നു നിൽക്കുകയാണ്, എന്നാൽ ഇന്ത്യയിൽ അരിയുടെ വിലയിൽ കാര്യമായ വില വ്യത്യാസം കണ്ടില്ല .കഴിഞ്ഞ വർഷത്തെ റെക്കോർഡ് നെല്ല് സംഭരണവും അതേസമയം കയറ്റുമതിയിൽ വന്ന കുറവുമാണ് ഈ വിലക്കുറവിനു കാരണം.

ഇന്ത്യയുടെ അരി കയറ്റുമതിയിൽ ഈ സാമ്പത്തിക വർഷത്തിൽ 20 ശതമാനത്തോളം കുറവ് കാണിക്കുന്നു. പ്രധാനമായും മറ്റ് ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള ഡിമാന്റ് കുറഞ്ഞതാണ് കാരണം. ഇറാൻ 22% യു എ ഇ 33% നേപ്പാൾ 23% സെനഗൽ 90% ബംഗ്ലാദേശ് 93% എന്നിങ്ങനെയാണ് അരി കയറ്റുമതിയിലുണ്ടായ കുറവ് എന്നാൽ ബംഗ്ലാദേശിൽ ഈ വർഷം നെൽകൃഷിയിൽ വ്യാപകമായ നാശം ഉണ്ടായതായാണ് റിപ്പോർട്ട്. ഇത് കാരണം ബംഗ്ലാദേശിലേക്കുള്ള കയറ്റുമതി വർധിക്കാൻ ഇടയുണ്ട് .

ലോകത്തിനു ഭീതി വിതച്ചുകൊണ്ട് ചൈനയിലെ വുഹാനിൽനിന്നും ആരംഭിച്ച കൊറോണ വൈറസ് മറ്റ് രാജ്യങ്ങളിലേക്ക് അതിവേഗം പടർന്നുകൊണ്ടിരിക്കുന്നതാണ് ഫെബ്രുവരിയിൽ കണ്ടത്. ആഗോള സാമ്പത്തിക രംഗത്ത് ഇതിന്റെ പ്രതിഫലനങ്ങളും പ്രത്യാഘാതങ്ങളും കണ്ടുതുടങ്ങിയിട്ടുണ്ട്. കയറ്റുമതിയിലും ഇറക്കുമതിയിലും കുറവുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. സാമ്പത്തിക മാന്ദ്യം ബാധിച്ചിരിക്കുന്ന രാജ്യങ്ങളെ ഇത് കൂടുതൽ പ്രതിസന്ധികളിലേക്ക് തള്ളിവിട്ടേക്കാം. വൈറസ് വ്യാപനം തടയാൻ സാധിച്ചില്ലെങ്കിൽ ലോകം ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയെയായിരിക്കും അഭിമുഖീകരിക്കേണ്ടിവരിക.

ഇന്ത്യയിൽ കൊറോണ വൈറസിന്റെ വ്യാപനം പെട്ടെന്ന് തന്നെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ അത് ഗതാഗത സംവിധാനത്തെ ബാധിക്കുന്നതിനും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിലേക്ക് നയിക്കാനുമുള്ള ഒരു സാധ്യത നിലനിൽക്കുന്നു.


## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ ഏതാണ്ട് വിലസ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് അവലോകനമാസത്തിൽ പൊതുവിപണിയിൽ ദൃശ്യമായത്. പൊതുവെ വിലക്കയറ്റത്തിനുള്ള യാതൊരു സാഹചര്യവും നിലനിൽക്കുന്നില്ല അന്താരാഷ്ട്ര തലത്തിൽ ഫെബ്രുവരിയിലെ അരിയുടെ വില സൂചിക വർധിച്ചു നിൽക്കുമ്പോൾ ഇന്ത്യയിൽ ഏതാണ്ട് സ്ഥിരമായി നിൽക്കുകയാണ്.

എഫ് സി ഐ യുടെ അരിയുടെ നീക്കിയിരുപ്പും റെക്കോർഡ് നെല്ല് സംഭരണവും വരും മാസങ്ങളിലും അരി വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടാവാൻ ഇടയില്ലെന്നുള്ളതിന്റെ സൂചനയാണ് നൽകുന്നത്.

പൊതു വിപണിയിൽ ആവശ്യത്തിന് നീക്കിയിരുപ്പും അനുകൂല സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ കേരളത്തിൽ അടുത്ത മാസങ്ങളിൽ ഒന്നും തന്നെ അരിയുടെ വിലയിൽ വർദ്ധനവിനുള്ള സാഹചര്യം കാണുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.29 | 41.01 | 40.79 | -0.54 | 9.39 |
| 2 | ചമ്പ | കിലോഗ്രാം | 41.00 | 39.50 | 39.50 | 0.00 | -3.66 |
| 3 | റോസ് | കിലോഗ്രാം | 37.81 | 42.04 | 41.93 | -0.26 | 10.90 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.15 | 37.62 | 37.31 | -0.82 | 3.21 |
| 5 | ജയ | കിലോഗ്രാം | 35.60 | 38.11 | 38.18 | 0.18 | 7.25 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.12 | 36.15 | 36.60 | 1.24 | 4.21 |




## II. പയർ വർഗ്ഗങ്ങൾ

കഴിഞ്ഞ മാസങ്ങളിൽ ദൃശ്യമായ വർദ്ധനവിന് ശേഷം പയർ വർഗ്ഗങ്ങളുടെ വിലയിൽ അവലോകന മാസത്തിൽ ഏതാണ്ട് സമ്മിശ്രമായ പ്രവണതയാണ് കണ്ടത്. ചെറുപയറിന്റെ വിലയിലാണ് അവലോകനമാസത്തിൽ കാര്യമായ വർദ്ധനവ് ശ്രദ്ധയിൽപെട്ടത്. ഉഴുന്ന്,വൻപയർ,കടല എന്നിവയുടെ വിലയിൽ വിലക്കുറവിനുള്ള പ്രവണത കണ്ടു.

മാർച്ച് മാസത്തിലും ചെറുപയറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. മറ്റ് ഇനങ്ങളിൽ മാർച്ച് മാസത്തിൽ നേരിയൊരു ഏറ്റക്കുറച്ചിലുകളോടെ വിലസ്ഥിരത നിലനിർത്താൻ ഇടയുണ്ട്.

നാഫെഡിന്റെ പയർ വർഗ്ഗങ്ങളുടെ സംഭരണം വിവിധ ഘട്ടങ്ങളായി നടക്കുകയാണ്. ചെറു പയർ 211,466.81 മെട്രിക് ടൺ, ഉഴുന്ന് 182,227.57 മെട്രിക് ടൺ തുവര 267,367.68 മെട്രിക് ടൺ കടല1541233.66 മെട്രിക് ടൺ എന്നിങ്ങനെയാണ് ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം പയർ വർഗ്ഗങ്ങളുടെ നീക്കിയിരുപ്പ്.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 88.52 | 101.86 | 105.91 | 3.98 | 19.65 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.96 | 107.90 | 113.29 | 5.00 | 24.55 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 88.80 | 127.08 | 125.85 | -0.97 | 41.72 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 87.88 | 121.56 | 119.59 | -1.62 | 36.08 |
| 5 | വൻപയർ | കിലോഗ്രാം | 69.50 | 80.31 | 77.25 | -3.81 | 11.15 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 89.11 | 97.31 | 98.25 | 0.97 | 10.26 |
| 7 | കടല(വലുത്) | കിലോഗ്രാം | 76.54 | 79.17 | 78.45 | -0.91 | 2.50 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.00 | 73.05 | 71.53 | -2.08 | -0.65 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 66.90 | 75.25 | 76.29 | 1.38 | 14.04 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.67 | 73.31 | 74.52 | 1.65 | 3.98 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ


അവലോകനമാസത്തിൽ ഈ ഇനത്തിൽ ഏറ്റവും കൂടുതൽ വിലത്തകർച്ച നേരിട്ട ഇനങ്ങൾ ഇറച്ചിക്കോഴിയും കോഴിമുട്ടയുമായിരുന്നു..

ഇറച്ചിക്കോഴി കർഷകരെ സംബന്ധിച്ചിടത്തോളം നിലനിൽക്കാൻ സാധിക്കാത്ത വിധത്തിലുള്ള വിലത്തകർച്ചയെയാണ് അഭിമുഖീകരിക്കുന്നത് . നിലവിൽ മാസാവസാനം ഏതാണ്ട് 70 രൂപയോളം മാത്രമാണ് ഒരു കിലോഗ്രാം ഇറച്ചിക്കോഴിയുടെ വില.

കൊറോണ വൈറസുമായി ബന്ധപ്പെട്ട വ്യാജ പ്രചരണങ്ങളും ഇറച്ചിക്കോഴി വിലയെ സ്വാധീനിച്ചിട്ടുണ്ട്. അതേസമയം കോഴിത്തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങളുടെ വിലക്കയറ്റം കാരണം പിടിച്ചു നിൽക്കാനാവാത്ത സ്ഥിതിയാണ് ഉള്ളതെന്നാണ് കർഷകരുടെ വാദം.ഇത് ഏറ്റവും കൂടുതൽ ബാധിക്കുക ചെറുകിട കർഷകരെയായിരിക്കും.അവർ കോഴികൃഷി ഉപേക്ഷിച്ചു പോവുന്നതിനും പിന്നീട് വലിയ വിലക്കയറ്റത്തിനും ഇത് കരണമാവാൻ ഇടയുണ്ട്.

കോഴിമുട്ടയുടെ വിലയിലും ഈ കാലയളവിൽ കാര്യമായ കുറവുണ്ടായി. മാർച്ച് മാസത്തിലും ഇറച്ചിക്കോഴിയുടെയും കോഴിമുട്ടയുടെയും വിലയിൽ വർദ്ധനവ് ഉണ്ടാവാനുള്ള സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 36.86 | 38.76 | 38.75 | -0.03 | 5.13 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 154.62 | 168.31 | 167.79 | -0.31 | 8.52 |
| 3 | ശർക്കര | കിലോഗ്രാം | 52.05 | 59.16 | 55.95 | -5.43 | 7.49 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 60.02 | 59.35 | 55.13 | -7.11 | -8.15 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 557.14 | 593.14 | 595.00 | 0.31 | 6.80 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 102.69 | 114.52 | 92.87 | -18.90 | -9.56 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.64 | 148.29 | 148.29 | 0.00 | 0.44 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 163.86 | 164.00 | 0.09 | 1.47 |




## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസമായ ഫെബ്രുവരിയിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് ദൃശ്യമായിരുന്നു എന്നാൽ മാസാവസാനം വില കുറയുവാനുള്ള ഒരു പ്രവണത ദൃശ്യമാണ്. മാർച്ച് മാസത്തിൽ നേരിയൊരു വിലക്കുറവ് ഉണ്ടാവാനിടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.മറ്റ് ഭക്ഷ്യഎണ്ണ ഇനങ്ങളിലും ഏതാണ്ട് നേരിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ ഈ കാലയളവിൽ ദൃശ്യമായി

ഏതാണ്ട് 314 മെട്രിക് ടൺ കൊപ്രയാണ് ഈ സീസണിലെ സംഭരണത്തിൽ ഫെബ്രുവരി അവസാനം നാഫെഡിന്റെ പക്കലുള്ള നീക്കിയിരുപ്പ്

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **198.18** | **186.91** | **189.41** | **1.34** | **-4.43** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **158.33** | **157.00** | **155.50** | **-0.96** | **-1.79** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **97.77** | **104.77** | **107.08** | **2.20** | **9.52** |
| 4 | നല്ലെണ്ണ | ലിററർ | **222.11** | **206.80** | **205.11** | **-0.82** | **-7.65** |
| 5 | കടുക് എണ്ണ | ലിററർ | **141.75** | **136.50** | **140.50** | **2.93** | **-0.88** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **98.52** | **100.69** | **103.82** | **3.11** | **5.38** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **98.13** | **105.81** | **107.52** | **1.62** | **9.57** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **199.98** | **197.00** | **202.91** | **3.00** | **1.47** |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ഫെബ്രുവരിയിൽ കാര്യമായ വർദ്ധനവ് ഒന്നും തന്നെ ദൃശ്യമായില്ല . കഴിഞ്ഞ മാസങ്ങളിൽ വർദ്ധിച്ചുകൊണ്ടിരുന്ന മുളകിന്റെ വില സീസണിൽ വിപണിയിൽ പുതിയ മുളകിന്റെ വരവോടുകൂടി കുറഞ്ഞു തുടങ്ങി. മാർച്ചിലും മുളകിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാവാനുള്ള സാധ്യത കാണുന്നില്ല

ഉള്ളിയുടെ വിലയിൽ കാര്യമായ കുറവ് ഈ കാലയളവിൽ ദൃശ്യമായി മാർച്ചിലും വിലക്കുറവ് തുടരാനാണ് സാധ്യത. വെളുത്തുള്ളിയുടെ വിലയിൽ നേരിയൊരു കുറവിന് ശേഷം വീണ്ടും വർദ്ധിക്കുന്നതിനുള്ള ഒരു പ്രവണതയാണ് കാണുന്നത്.മാർച്ച് മാസത്തിലും ഇതേ പ്രവണത തന്നെ തുടരാനാണ് സാധ്യത. ഡിമാന്റിലുള്ള വർധനവും ഉല്പ്പാദനത്തിലുണ്ടാവുന്ന കുറവുമാണ് വിലവർദ്ധനവിനു കാരണമെന്നാണ് വിപണിയിൽനിന്നും ലഭിക്കുന്ന സൂചന.

കുരുമുളകിന്റെ വിലയിൽ കാര്യമായ വർദ്ധനവ് കണ്ടില്ല. ഫെബ്രുവരി അവസാനത്തോടെ വയനാട് നിന്നുള്ള കുരുമുളകിന്റെ വിളവെടുപ്പ് ആരംഭിക്കും അതിനു ശേഷം കർണാടകത്തിൽ നിന്നുള്ള കരുമുളകിന്റെ വിളവെടുപ്പും ആരംഭിക്കും.ഇപ്പോഴും കർഷകർ കുരുമുളകിന്റെ ഇറക്കുമതി ഭീഷണിയിലാണുള്ളത്.വില നിർണ്ണയത്തിൽ പ്രധാന ഘടകമാവുന്നതും വിപണിയിൽ വരാനിടയുള്ള ഇറക്കുമതിക്കുരുമുളകിന്റെ ലഭ്യതയായിരിക്കും

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 91.16 | 100.11 | 100.04 | -0.07 | 9.74 |
| 2 | മുളക് | കിലോഗ്രാം | 127.91 | 224.54 | 208.88 | -6.97 | 63.30 |
| 3 | ഉള്ളി | കിലോഗ്രാം | 41.04 | 127.51 | 56.04 | -56.05 | 36.55 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 158.66 | 149.40 | 149.09 | -0.21 | -6.03 |
| 5 | ജീരകം | 100 ഗ്രാം | 29.70 | 29.87 | 30.02 | 0.50 | 1.08 |
| 6 | കടുക് | 100 ഗ്രാം | 9.21 | 9.51 | 9.50 | -0.11 | 3.15 |
| 7 | ഉലുവ | 100 ഗ്രാം | 9.50 | 10.00 | 10.04 | 0.40 | 5.68 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.60 | 18.77 | 18.61 | -0.85 | 0.05 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 6.79 | 20.94 | 21.48 | 2.58 | 216.35 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 437.98 | 408.08 | 395.19 | -3.16 | -9.77 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

ഫെബ്രുവരിയിലെ പൊതു വിപണിയിലെ പ്രവണതയുടെ നേർ സാക്ഷ്യപത്രമായിരുന്നു കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ ദൃശ്യമായത് എല്ലാ ഇനങ്ങൾക്കും ഈ കാലയളവിൽ വിലക്കുറവ് ദൃശ്യമായി.ഉരുളക്കിഴങ്ങ് , ബീറ്റ്റൂട്ട് എന്നിവയുടെ വിലയിലാണ് കാര്യമായ വിലക്കുറവുണ്ടായത് ഇവ യഥാക്രമം ഏതാണ്ട് 17 ശതമാനവും 29 ശതമാനവും വിലക്കുറവുണ്ടായി. ചേന 6 ശതമാനം, മരച്ചീനി 2 ശതമാനം,ചേമ്പ് 2 ശതമാനം, കാരറ്റ് 1 ശതമാനം എന്നിങ്ങനെയാണ് മറ്റ് ഇനങ്ങളിൽ ഉണ്ടായ വിലക്കുറവ്.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 32.41 | 31.36 | 29.55 | -5.77 | -8.82 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 25.81 | 27.16 | 26.54 | -2.28 | 2.83 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 28.70 | 39.66 | 32.89 | -17.07 | 14.60 |
| 4 | ചേമ്പ് | കിലോഗ്രാം | 58.25 | 53.06 | 52.23 | -1.56 | -10.33 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 32.04 | 44.20 | 31.34 | -29.10 | -2.18 |
| 6 | കാരററ് | കിലോഗ്രാം | 34.20 | 63.71 | 63.02 | -1.08 | 84.27 |




## VII. പച്ചക്കറി ഇനങ്ങൾ

സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ ദൈനംദിന ജീവിതത്തിൽ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു ഇനമാണ് പച്ചക്കറി വില. അവന്റെ ദൈനംദിന ബജറ്റിന്റെ താളം തെറ്റിക്കുന്ന ഇനം കൂടിയാണ് ഇത്. ഇക്കാര്യത്തിൽ സാധാരണക്കാരനെ ഏറ്റവും കൂടുതൽ ആശ്വാസം നൽകിയ ഒരു മാസമായിരുന്നു ഫെബ്രുവരി എല്ലാ ഇനങ്ങളുടെയും വിലയിൽ കുറവുണ്ടായി.ഇതിൽ മിക്ക ഇനങ്ങൾക്കും കാര്യമായ തോതിൽ തന്നെ വിലക്കുറവുണ്ടായി എന്നത് ശ്രദ്ധേയമാണ്.

180 രൂപ വരെ എത്തിയിരുന്ന സവാളയുടെ വില മാസാവസാനം 30 രൂപയ്ക്കടുത്തായി നിൽക്കുകയാണ് ഇത് വീണ്ടും കുറഞ്ഞു മാർച്ച് അവസാനത്തോടെ 20-25 രൂപ നിരക്കിൽ എത്താൻ ഇടയുണ്ട്. റാബി സീസണിലെ സവാള വിപണിയിൽ സജീവമായി എത്തിത്തുടങ്ങിയിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.

മാർച്ച് മാസത്തിൽ മറ്റ് പച്ചക്കറി ഇനങ്ങളിലും കാര്യമായ വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല എന്നതാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.


| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 16.29 | 61.39 | 34.48 | -43.83 | 111.66 |
| 2 | വഴുതന | കിലോഗ്രാം | 31.79 | 39.91 | 35.04 | -12.20 | 10.22 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.02 | 25.20 | 22.71 | -9.88 | 26.03 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.48 | 23.30 | 19.75 | -15.24 | -3.56 |
| 5 | വെണ്ടക്ക | കിലോഗ്രാം | 37.88 | 36.39 | 32.18 | -11.57 | -15.05 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 46.63 | 51.57 | 40.93 | -20.63 | -12.22 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 41.02 | 48.17 | 38.93 | -19.18 | -5.10 |
| 8 | കാബേജ് | കിലോഗ്രാം | 26.79 | 33.24 | 27.14 | -18.35 | 1.31 |
| 9 | പാവയ്ക്ക | കിലോഗ്രാം | 45.84 | 46.56 | 41.93 | -9.94 | -8.53 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.93 | 27.50 | 23.66 | -13.96 | 7.89 |
| 11 | പടവലങ്ങ | കിലോഗ്രാം | 29.91 | 33.19 | 28.73 | -13.44 | -3.95 |
| 12 | തക്കാളി | കിലോഗ്രാം | 23.14 | 29.69 | 22.95 | -22.70 | -0.82 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.79 | 5.20 | 4.59 | -11.73 | -4.18 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 44.04 | 38.16 | 27.77 | -27.23 | -36.94 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 32.20 | 36.51 | 35.52 | -2.71 | 10.31 |



## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങൾക്കും പൊതുവെ അവലോകനമാസമായ ഫെബ്രുവരിയിൽ വിലക്കയറ്റം ദൃശ്യമായില്ല.എടുത്തുപറയത്തക്ക വർദ്ധനവ് ഉണ്ടായത് മാതളത്തിന്റെ വിലയിലായിരുന്നു ഏത്തപ്പഴത്തിന്റെ വിലയിൽ രൂക്ഷമായ വിലത്തകർച്ച തന്നെയാണ് ഉണ്ടായത്.ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഏത്തക്കായയുടെ വരവാണ് വിലത്തകർച്ചയ്ക്ക് കാരണമായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.എന്നാൽ മാസാവസാനം ചെറിയ തോതിൽ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർച്ചിലും നേരിയ തോതിലുള്ള വർദ്ധനവിന് സാധ്യതയുണ്ട് .തണ്ണിമത്തൻ സീസൺ ആയതോടുകൂടി വില കുറഞ്ഞുവരുന്നുണ്ട്.വാഴപ്പഴങ്ങളിൽ രസകദളി ഒഴികെയുള്ള ഇനങ്ങളിൽ ഏതാണ്ട് വിലസ്ഥിരത നിലനിർത്തി.മാർച്ചിലും വിലസ്ഥിരത തുടരാനാണ് സാധ്യത.


| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 64.55 | 69.50 | 60.63 | -12.76 | -6.07 |
| 2 | മുസമ്പി | കിലോഗ്രാം | 65.10 | 67.96 | 62.60 | -7.89 | -3.84 |
| 3 | മാതളം | കിലോഗ്രാം | 95.21 | 97.67 | 111.67 | 14.33 | 17.29 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 148.00 | 136.93 | 135.76 | -0.85 | -8.27 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.33 | 47.16 | 39.89 | -15.42 | -22.29 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 31.14 | 30.96 | 30.82 | -0.45 | -1.03 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 45.84 | 48.11 | 51.77 | 7.61 | 12.94 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 46.94 | 49.32 | 49.75 | 0.87 | 5.99 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.93 | 30.42 | 30.29 | -0.43 | 4.70 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 98.61 | 120.00 | 100.00 | -16.67 | 1.41 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 17.23 | 28.86 | 21.29 | -26.23 | 23.56 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 66.88 | 68.83 | 75.00 | 8.96 | 12.14 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 61.82 | 61.30 | 56.88 | -7.21 | -7.99 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ അവലോകനമാസമായ ഫെബ്രുവരിയിൽ നേരിയൊരു വിലക്കയറ്റം ശ്രദ്ധയിൽപെട്ടു. എന്നാൽ വിലക്കയറ്റം തുടരാനുള്ള സാധ്യത കാണുന്നില്ല പ്രത്യേകിച്ച് സാമ്പത്തിക മാന്ദ്യം ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ വില വർദ്ധനവിനുള്ള സ്വാഭാവികമായ കാരണങ്ങളൊന്നും തന്നെ കാണുന്നില്ല .അതിനാൽ മാർച്ചിൽ ഏതാണ്ട് വിലസ്ഥിരത നിലനിർത്താനാണ് സാധ്യത.

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.00 | 20.00 | 0.00 | 0.00 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 29.38 | 23.80 | 23.71 | -0.38 | -19.30 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 492.33 | 491.67 | -0.13 | -0.67 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 407.86 | 382.38 | 390.33 | 2.08 | -4.30 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 402.68 | 378.00 | 383.11 | 1.35 | -4.86 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 54.47 | 49.34 | 50.32 | 1.99 | -7.62 |



# അനുബന്ധം

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.29 | 41.01 | 40.79 | -0.54 | 9.39 |
| 2 | ചമ്പ | കിലോഗ്രാം | 41.00 | 39.50 | 39.50 | 0.00 | -3.66 |
| 3 | റോസ് | കിലോഗ്രാം | 37.81 | 42.04 | 41.93 | -0.26 | 10.90 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.15 | 37.62 | 37.31 | -0.82 | 3.21 |
| 5 | ജയ | കിലോഗ്രാം | 35.60 | 38.11 | 38.18 | 0.18 | 7.25 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.12 | 36.15 | 36.60 | 1.24 | 4.21 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 88.52 | 101.86 | 105.91 | 3.98 | 19.65 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 90.96 | 107.90 | 113.29 | 5.00 | 24.55 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 88.80 | 127.08 | 125.85 | -0.97 | 41.72 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 87.88 | 121.56 | 119.59 | -1.62 | 36.08 |
| 5 | വൻപയർ | കിലോഗ്രാം | 69.50 | 80.31 | 77.25 | -3.81 | 11.15 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 89.11 | 97.31 | 98.25 | 0.97 | 10.26 |
| 7 | കടല(വലുത്) | കിലോഗ്രാം | 76.54 | 79.17 | 78.45 | -0.91 | 2.50 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.00 | 73.05 | 71.53 | -2.08 | -0.65 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 66.90 | 75.25 | 76.29 | 1.38 | 14.04 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.67 | 73.31 | 74.52 | 1.65 | 3.98 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 36.86 | 38.76 | 38.75 | -0.03 | 5.13 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 154.62 | 168.31 | 167.79 | -0.31 | 8.52 |
| 3 | ശർക്കര | കിലോഗ്രാം | 52.05 | 59.16 | 55.95 | -5.43 | 7.49 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 60.02 | 59.35 | 55.13 | -7.11 | -8.15 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 557.14 | 593.14 | 595.00 | 0.31 | 6.80 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 102.69 | 114.52 | 92.87 | -18.90 | -9.56 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.64 | 148.29 | 148.29 | 0.00 | 0.44 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 163.86 | 164.00 | 0.09 | 1.47 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 198.18 | 186.91 | 189.41 | 1.34 | -4.43 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 158.33 | 157.00 | 155.50 | -0.96 | -1.79 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 97.77 | 104.77 | 107.08 | 2.20 | 9.52 |
| 4 | നല്ലെണ്ണ | ലിററർ | 222.11 | 206.80 | 205.11 | -0.82 | -7.65 |
| 5 | കടുക് എണ്ണ | ലിററർ | 141.75 | 136.50 | 140.50 | 2.93 | -0.88 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 98.52 | 100.69 | 103.82 | 3.11 | 5.38 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 98.13 | 105.81 | 107.52 | 1.62 | 9.57 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 199.98 | 197.00 | 202.91 | 3.00 | 1.47 |

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 91.16 | 100.11 | 100.04 | -0.07 | 9.74 |
| 2 | മുളക് | കിലോഗ്രാം | 127.91 | 224.54 | 208.88 | -6.97 | 63.30 |
| 3 | ഉള്ളി | കിലോഗ്രാം | 41.04 | 127.51 | 56.04 | -56.05 | 36.55 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 158.66 | 149.40 | 149.09 | -0.21 | -6.03 |
| 5 | ജീരകം | 100 ഗ്രാം | 29.70 | 29.87 | 30.02 | 0.50 | 1.08 |
| 6 | കടുക് | 100 ഗ്രാം | 9.21 | 9.51 | 9.50 | -0.11 | 3.15 |
| 7 | ഉലുവ | 100 ഗ്രാം | 9.50 | 10.00 | 10.04 | 0.40 | 5.68 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.60 | 18.77 | 18.61 | -0.85 | 0.05 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 6.79 | 20.94 | 21.48 | 2.58 | 216.35 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 437.98 | 408.08 | 395.19 | -3.16 | -9.77 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 32.41 | 31.36 | 29.55 | -5.77 | -8.82 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 25.81 | 27.16 | 26.54 | -2.28 | 2.83 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 28.70 | 39.66 | 32.89 | -17.07 | 14.60 |
| 4 | ചേമ്പ് | കിലോഗ്രാം | 58.25 | 53.06 | 52.23 | -1.56 | -10.33 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 32.04 | 44.20 | 31.34 | -29.10 | -2.18 |
| 6 | കാരററ് | കിലോഗ്രാം | 34.20 | 63.71 | 63.02 | -1.08 | 84.27 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 16.29 | 61.39 | 34.48 | -43.83 | 111.66 |
| 2 | വഴുതന | കിലോഗ്രാം | 31.79 | 39.91 | 35.04 | -12.20 | 10.22 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.02 | 25.20 | 22.71 | -9.88 | 26.03 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.48 | 23.30 | 19.75 | -15.24 | -3.56 |
| 5 | വെണ്ടക്ക | കിലോഗ്രാം | 37.88 | 36.39 | 32.18 | -11.57 | -15.05 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 46.63 | 51.57 | 40.93 | -20.63 | -12.22 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 41.02 | 48.17 | 38.93 | -19.18 | -5.10 |
| 8 | കാബേജ് | കിലോഗ്രാം | 26.79 | 33.24 | 27.14 | -18.35 | 1.31 |
| 9 | പാവയ്ക്ക | കിലോഗ്രാം | 45.84 | 46.56 | 41.93 | -9.94 | -8.53 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.93 | 27.50 | 23.66 | -13.96 | 7.89 |
| 11 | പടവലങ്ങ | കിലോഗ്രാം | 29.91 | 33.19 | 28.73 | -13.44 | -3.95 |
| 12 | തക്കാളി | കിലോഗ്രാം | 23.14 | 29.69 | 22.95 | -22.70 | -0.82 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.79 | 5.20 | 4.59 | -11.73 | -4.18 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 44.04 | 38.16 | 27.77 | -27.23 | -36.94 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 32.20 | 36.51 | 35.52 | -2.71 | 10.31 |

| നം | ഇനങ്ങൾ | അളവ് | ഫെബ്രുവരി 2019 | ജനുവരി 2020 | ഫെബ്രുവരി 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 64.55 | 69.50 | 60.63 | -12.76 | -6.07 |
| 2 | മുസമ്പി | കിലോഗ്രാം | 65.10 | 67.96 | 62.60 | -7.89 | -3.84 |
| 3 | മാതളം | കിലോഗ്രാം | 95.21 | 97.67 | 111.67 | 14.33 | 17.29 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 148.00 | 136.93 | 135.76 | -0.85 | -8.27 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.33 | 47.16 | 39.89 | -15.42 | -22.29 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 31.14 | 30.96 | 30.82 | -0.45 | -1.03 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 45.84 | 48.11 | 51.77 | 7.61 | 12.94 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 46.94 | 49.32 | 49.75 | 0.87 | 5.99 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.93 | 30.42 | 30.29 | -0.43 | 4.70 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 98.61 | 120.00 | 100.00 | -16.67 | 1.41 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 17.23 | 28.86 | 21.29 | -26.23 | 23.56 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 66.88 | 68.83 | 75.00 | 8.96 | 12.14 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 61.82 | 61.30 | 56.88 | -7.21 | -7.99 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.00 | 20.00 | 0.00 | 0.00 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 29.38 | 23.80 | 23.71 | -0.38 | -19.30 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 492.33 | 491.67 | -0.13 | -0.67 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 407.86 | 382.38 | 390.33 | 2.08 | -4.30 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 402.68 | 378.00 | 383.11 | 1.35 | -4.86 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 54.47 | 49.34 | 50.32 | 1.99 | -7.62 |